Name: അമാന ഫാത്തിമ. എസ്. എസ്

Class: IX ചുള്ളിമാനൂർ ഗ്രാമദീപം.

14001

മനുഷ്യജീവിതവുമായി ബന്ധപ്പെടുത്തി വളരെ മനോഹരമായി എഴുതിയിട്ടുള്ള രചനയാണ് യുവ നോവലിസ്റ്റായ എം. എസ്. ഫൈസൽ ഖാൻ സാറിന്റെ 'തവിട്ടുനിറമുള്ള പക്ഷി' എന്നത്. ഓരോ വ്യക്തിയും ജീവിതത്തിൽ മനസ്സിലാക്കിയിരിക്കേണ്ട അർത്ഥവത്തായ ഒരു രചനയാണിത്. "രംഗബോധമില്ലാത്ത കോമാളിയാണ് മരണം' എന്ന ആശയം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. ആർക്ക് എപ്പോഴാണ് മരണം സംഭവിക്കുന്നതെന്ന് പറയാൻ സാധിക്കില്ല. അത് ദൈവം നിശ്ചയിച്ച സമയത്ത് മാത്രമേ നടക്കൂ. എന്നാൽ മരണം എല്ലാവർക്കും അനിവാര്യവുമാണ്. " ഒരു വ്യക്തി ചെയ്യുന്ന ഏതൊരു പ്രവൃത്തി അത് നല്ലതായിക്കോട്ടെ മോശമായിക്കോട്ടെ ദൈവം അത് ഏത് വഴിയായാലും നമുക്ക് തിരിച്ച് നൽകും" എന്നതാണ് ഇതിലെ പ്രധാന ആശയമായി എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. "ഒരാളുടെ കർമ്മം ഫലിച്ചാലും ഇല്ലെങ്കിലും കർമ്മത്തിന് പ്രേരിപ്പിക്കുന്ന ഉദ്ദേശ്യം ശുദ്ധമാണെങ്കിൽ അതിന്റെ കർത്താവ് ഈശ്വരദൃഷ്ടിയിൽ സമ്മാനിതനാണ്" എന്ന ഇമ്മാനുവൽ കാന്റിന്റെ നൈതികതത്വം ഈ നോവൽ വായിച്ചപ്പോൾ കൂടുതൽ ശരിയാണെന്നെനിക്ക് മനസ്സിലാക്കാൻ സാധിച്ചു.

ഫിലിപ്പ് എബ്രഹാം എന്ന വ്യക്തിയാണ് ഈ കഥയിലെ പ്രധാന കഥാപാത്രം. ആവശ്യത്തിലധികം സമ്പത്ത് ബാക്കിയുണ്ടായിട്ടും അതൊക്കെ വേണ്ടെന്നു വെച്ച് ദാരിദ്ര്യത്തിൽ കഴിയുന്നു. മാറാല പിടിച്ച വീടും, മുഷിഞ്ഞ വസ്ത്രങ്ങളും, ജീർണ്ണിച്ച പച്ചക്കറികൾ ഭക്ഷിച്ചും ജീവിതം മുന്നോട്ട് നയിക്കുന്നു. എന്നാൽ പെട്ടെന്നൊരു ദിവസം ഫിലിപ്പിന് അസുഖം വർദ്ധിക്കുകയും ഡോക്ടറെ സമീപിച്ചപ്പോൾ

തന്റെ ശ്വാസകോശത്തിൽ ഒരു മാംസം വളരുകയാണെന്നും ഏറിയാൽ 6 മാസം മാത്രമേ താൻ ജീവിക്കുകയുള്ളൂ എന്ന് ഡോക്ടർ പറയുന്നു. താൻ ഇത്രയുകാലം ഒന്നും അനുഭവിക്കാതെ പ്രയോജനമില്ലാതെ ജീവിച്ചു എന്ന സത്യം മനസ്സിലാക്കുന്നു. ഇനി ഏതാനും ദിവസങ്ങൾ മാത്രമേ തനിക്ക് ജീവിക്കാൻ സാധിക്കൂ എന്ന ഉൾവിളി അയാളെ ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചു എന്തുകൊണ്ട് ഇനിയുള്ള ദിവസങ്ങൾ ആഢംബരമാക്കിക്കൂടാ. ഇത്രയും സമ്പാദ്യം താൻ മരിച്ചുകഴിഞ്ഞാൽ പ്രയോജനമില്ലാതെ നഷ്ടപ്പെട്ടുപോകുമെന്നും ചിന്തിച്ചു. അന്ന് മുതൽ ഫിലിപ്പ് തന്റെ ജീവിതശൈലി മാറ്റി. വീട് പുതുക്കി പണിഞ്ഞു, കാറ് വാങ്ങി, നല്ല ഭക്ഷണം, വസ്ത്രം അങ്ങനെ എല്ലാത്തിനും മാറ്റം വരുത്തി. ജീർണിച്ച പച്ചക്കറികൾ മാത്രം കഴിച്ചിരുന്ന ഫിലിപ്പ് പഞ്ചനക്ഷത്ര ഹോട്ടലിൽ വിഭവസമൃദ്ധമായ ഭക്ഷണം കഴിക്കാൻ തുടങ്ങി. ഇത്രയും നാൾ ദാരിദ്ര്യമായിരുന്നല്ലോ പെട്ടെന്നുള്ള മാറ്റത്തിൽ അയാൾക്ക് എല്ലാത്തിനോടും മടുപ്പ് തോന്നി. അങ്ങനെ ഇരിക്കുമ്പോഴാണ് തന്റെ വീടിന്റെ മുൻപിലെ മാവിൽ ഒരു കാഴ്ച കാണുന്നത്. ഒരു പെൺപക്ഷിക്ക് ഇണയായ തവിട്ടു നിറമുള്ള പക്ഷി കൊക്കിലൂടെ ഭക്ഷണം നൽകുന്നതും അത് സ്വന്തം വിശപ്പ് മറന്ന് വായിൽ വെച്ച് കൊടുക്കുമ്പോഴുള്ള തവിട്ടു നിറമുള്ള പക്ഷിയുടെ സംതൃപ്തി അതിന്റെ കണ്ണിൽ കാണാമായിരുന്നു. ഈ ഒരു സംതൃപ്തി തനിക്കും ഉണ്ടാകണമെന്ന ചിന്ത ഫിലിപ്പിനുണ്ടാകുന്നു. ഒരിക്കൽ ഫിലിപ്പ് മരുന്ന് വാങ്ങാൻ പോയപ്പോഴാണ് മരുന്നിനൊക്കെ ഇത്രയധികം വില ഉണ്ടെന്ന് മനസ്സിലാക്കുന്നത്. തന്റെ കൈയിലിരുന്ന പൈസ മുഴുവൻ മെഡിക്കൽ ഷോപ്പിലെ ആൾക്കു നൽകി. എന്നിട്ട് നിവൃത്തിയില്ലാതെ വരുന്ന പാവപ്പെട്ടവർക്ക് പൈസ വാങ്ങാതെ മരുന്നുകൾ നൽകാൻ നിർദേശിച്ചു

അങ്ങനെ ഫിലിപ്പ് തന്റെ സമ്പാദ്യം പാവപ്പെട്ടവർക്കും മറ്റും നൽകി സഹായിക്കുന്നു. ഡോക്ടർ പറഞ്ഞ തീയതി അടുത്തു കൊണ്ടിരിക്കുന്നു എന്ന സത്യം ഫിലിപ്പിന് അറിയാമെങ്കിലും അദ്ദേഹത്തിന് ജീവിക്കാനുള്ള കൊതി കൂടിക്കൂടി വന്നു. എന്നാൽ ഡോക്ടർ സർജറിക്ക് 12 ലക്ഷം രൂപ ആവശ്യം ഉണ്ടെന്ന് പറയുന്നു. പക്ഷെ അപ്പോഴാണ് തന്റെ കയ്യിൽ ഒരു ചില്ലി കാശുപോലും ഇല്ലെന്ന സത്യം മനസ്സിലാക്കുന്നത്.

പിന്നെ കണ്ണു തുറക്കുമ്പോൾ ശസ്ത്രക്രിയ വിജയകരമായി മാറി എന്ന വാർത്തയാണ് അദ്ദേഹം കേൾക്കുന്നത് പൈസ നൽകി തന്റെ ജീവൻ നൽകിയ ദൈവം ആരാണെന്ന് ഫിലിപ്പ് ഡോക്ടറിനോട് ചോദിക്കുന്നു. അപ്പോഴാണ് ഫിലിപ്പ് മനസ്സിലാക്കുന്നത് താൻ പാവപ്പെട്ടവർക്ക് സഹായിക്കാൻ നൽകിയ പണം കൊണ്ടാണ് ശസ്ത്രക്രിയ നടന്നതെന്ന്.

ഈ ഒരു രചന ഓരോരുത്തരും വായിച്ചിരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഓരോ വ്യക്തി ചെയ്യുന്ന പ്രവൃത്തിയുടെ ഫലം ഏതെങ്കിലും ഒരു രീതിയിൽ നമുക്ക് തിരിച്ചു കിട്ടും എന്ന ആശയം ~~നമുക്ക്~~ തരുന്ന ~~ഇതിലൂടെ മന~~ ഈ രചന എനിക്ക് വളരെയധികം ഇഷ്ടപ്പെട്ടു.